# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **08/11/2016-ന് മറുപടിക്ക്**
**നമ്പർ.6304**

## <u>പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ</u>

**<u>ചോദ്യം</u>**
ശ്രീമതി.പി.അയിഷാ പോറ്റി

**<u>ഉത്തരം</u>**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകളിലായി പി.എസ്.സി. എത്ര പേർക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന 25.05.2016 മുതൽ 30.09.2016 വരെയുള്ള കാലയളവിൽ 12598 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | വിവിധ വകുപ്പുകളിലായി നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാനായി ശേഷിക്കുന്നുണ്ടെന്നും പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ടു ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | (ബി) | പി.എസ്.സി.റാങ്ക് പട്ടിക നിലവിലുള്ളതും എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതുമായ തസ്തികകളുടെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പദ്ധ്യക്ഷൻമാർക്കും/നിയമനാധികാരി-കൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി എല്ലാ മാസവും ചീഫ് സെക്രട്ടറി തലത്തിൽ അവലോകനം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**